**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5388 — 31.10.2016 ൽ മറുപടിക്ക്

## ആശ്രിതനിയമനം കാത്തിരിക്കുന്നവർ

| | ചോദ്യം<br>ശ്രീ.ബി.സത്യൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം വഴി ജോലി ലഭിക്കേണ്ടവരുടെ പേരും മേൽവിലാസവും, തസ്തികയും സീനിയോരിറ്റിയും തിരിച്ച് വ്യക്തമാക്കുമോ; | (എ) | ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം വഴി ജോലി ലഭിക്കേണ്ടവരുടെ വിവരം അനുബന്ധം-1 ആയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജോലി ലഭിക്കേണ്ടവരുടെ വിവരം അനുബന്ധം 2 ആയും ചേർത്തിരിക്കുന്നു. |
| (ബി) | ഏത് തീയതി വരെയുള്ളവർക്കാണ് നിലവിൽ നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | 07.01.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.04/2013/ആ.ക.വ പ്രകാരം ഉത്തരവായതും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28.04.2014 ലെ നടപടിക്രമം നമ്പർ ഇ.ഡി1-37617/2014/ആ.വ.ഡ പ്രകാരം ക്ലർക്കായി ആശ്രിത നിയമനം ലഭിച്ചത് ശ്രീ.അനു.ഇ-യ്ക്ക് ആണ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 27.06.2014 ലെ അപേക്ഷകനാണ് അവസാനമായി ആശ്രിതനിയമനം നൽകിയിട്ടുള്ളത്. |
| (സി) | ആശ്രിതനിയമനം വഴി ജോലി ലഭിക്കുവാൻ അർഹരായവർ വർഷങ്ങളോളം കാത്തിരിക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്നത് ഉൾപ്പെടെയുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | ആശ്രിത നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കാൻ പാടില്ലെന്ന് WP(C) No.33621/2015, 5960/2016 കേസുകൾ പരിഗണിക്കവേ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 25/2/2016 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്